**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 859** **10-08-2023 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 സാമ്പത്തിക വർഷത്തിൽ കോട്ടക്കൽ മണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പൂവത്തുംതറ, മണ്ണഴി-കോട്ടപ്പുറം പട്ടികജാതി കോളനികളിലെ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | 2021-22 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് കോട്ടക്കൽ നിയോജക മണ്ഡലത്തിലെ എടയൂർ ഗ്രാമപഞ്ചായത്തിലെ പൂവത്തുംതറ പട്ടികജാതി കോളനി, പൊന്മള ഗ്രാമപഞ്ചായത്തിലെ മണ്ണഴി-കോട്ടപ്പുറം പട്ടികജാതി കോളനി എന്നീ കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്. ടി രണ്ട് കോളനികളിലും നിർമ്മാണ പ്രവർത്തികളുടെ നിർവഹണ ഏജൻസി മലപ്പുറം ജില്ലാ നിർമ്മിതി കേന്ദ്രമാണ്. ആയതിൽ പൂവത്തുംതറ പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. മണ്ണഴി-കോട്ടപ്പുറം പട്ടികജാതി കോളനിയിലെ നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതായി നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ഒപ്പുവച്ച് 10 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികളുടെ വിവരം, പ്രവർത്തനങ്ങളുടെ നിലവിലുള്ള പുരോഗതി എന്നിവ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ ചേർത്തിട്ടുണ്ട്. |
| (സി) | അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കോട്ടക്കൽ മണ്ഡലത്തിൽ നിന്നും പുതിയതായി ഏതെല്ലാം കോളനികളുടെ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) | കോട്ടക്കൽ നിയോജകമണ്ഡലത്തിൽ നിന്നും അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് ഉൾപ്പെടുത്തുന്നതിനായി കുറ്റിപ്പുറം പഞ്ചായത്തിലെ മൂർദ്ധനാവ് എസ്.സി.കോളനിയെ സ്ഥലം എം.എൽ.എ ശിപാർശ ചെയ്തിട്ടുണ്ട്. ടി കോളനിയെ നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതിയിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ